I/94223/2024

**ഭരണഭാഷ - മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) - ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ഉദ്യോഗസ്ഥർക്ക് ₹ 50200 - 105300 വേതന നിരക്കിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിലേയ്ക്ക് ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) - അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാര്യം (ഡി) വിഭാഗം

നം:ഇഡി1/4189/2024/ഡി.ടി.ഇ തിരുവനന്തപുരം 29-05-2024

*വായന:*-1.10.02.2021 ലെ സ.ഉ (പി) നമ്പർ നം.27/2021/ധന നമ്പർ സർക്കാർ ഉത്തരവ്
2.24.01.2023 ലെ ഈ കാര്യാലയത്തിലെ ഇജി3/36602/22/ഡിടിഇ നമ്പർ മുൻഗണനാ പട്ടിക
3.27.05.2024 ലെ ഈ കാര്യാലയത്തിലെ ഇഡി1/1784/2024 ഡിടിഇ നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

പരാമർശം (3) ലെ ഉത്തരവ് പ്രകാരം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഹയർ ഗ്രേഡ് പ്രമോഷൻ ലഭിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചതിലൂടെ ജൂനിയർ സൂപ്രണ്ട് (ഹ.ഗ്രേ) തസ്തികയുടെ രണ്ട് ഒഴിവുകൾ വന്നിട്ടുണ്ട്.

പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവിലെ അനുബന്ധം XI (എ) പ്രകാരം, ജൂനിയർ സൂപ്രണ്ടിന്റെയും സമാന തസ്തികകളുടെയും മൂന്നിലൊന്ന് (1/3) തസ്തികകൾക്ക് റേഷ്യോ അടിസ്ഥാനത്തിൽ ഹയർ ഗ്രേഡ് പ്രമോഷൻ അനുവദിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വകുപ്പിൽ ജൂനിയർ സൂപ്രണ്ടിന്റെയും സമാന തസ്തികകളുടെയും അംഗീകൃത ശ്രേണി ബലം 48 ആണ്.

മേൽ സാഹചര്യത്തിൽ, പരാമർശം (2) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ജൂനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാരുടെ അന്തിമ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥർക്ക്, 1958 ലെ ഭാഗം - II, കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് ചട്ടങ്ങളിലെ ചട്ടം 28 (b) (ii) ലെ വ്യവസ്ഥകൾക്ക് വിധേയമായി, ₹ 50200 - 105300 വേതന നിരക്കിൽ ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയിൽ ആനുപാതിക സ്ഥാനക്കയറ്റം (Ratio Promotion) അനുവദിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| വായന (2) സീനി. പട്ടിക യിലെ ക്രമ നം. | പേര്,സ്ഥാപനം,പെൻ | റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്ന തീയതിയും, ഒഴിവിന്റെ സ്വഭാവവും |
|---|---|---|
| 33 | ശ്രീ.അബ്ദുൾ ഷുക്കൂർ.വി<br>ടെക്നിക്കൽ സ്റ്റോർ കീപ്പർ,<br>സർക്കാർ എഞ്ചിനീയറിംഗ് കോളേജ്,<br>കോഴിക്കോട്<br>പെൻ - 406737 | 27.05.2024<br>(ശ്രീ.പ്രശാന്തൻ.എ - ക്കു സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്) |
| | | |

| | | |
|---|---|---|
| 34 | ആൻസി.കെ.സി<br>ജൂനിയർ സൂപ്രണ്ട്,<br>കേരള ഗവണ്മെന്റ് പോളിടെക്ക്നിക്ക് കോളേജ്,കോഴിക്കോട്<br>പെൻ - 394893 | 27.05.2024<br>(ശ്രീ.ദിനേശ്.കെ.എസ് - ന സ്ഥാനക്കയറ്റം ലഭിച്ച ഒഴിവ്) |

ജൂനിയർ സൂപ്രണ്ട് തസ്തികയും, ജൂനിയർ സൂപ്രണ്ട് (ഹയർ ഗ്രേഡ്) തസ്തികയും തമ്മിൽ ജോലിയിലും, തസ്തികകളിൽ നിക്ഷിപ്തമായിരിക്കുന്ന ഉത്തരവാദിത്വത്തിലും (Duties and Responsibilities) വ്യത്യാസങ്ങൾ ഇല്ലാത്തതിനാൽ ടി സ്ഥാനക്കയറ്റത്തിൻറെ പ്രാബല്യ തീയതി മുതൽ ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ ചട്ടം 23 (d) യിലെ വ്യവസ്ഥകളിൽ നിഷ്കർഷിക്കും പ്രകാരം ടി ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റത്തിൻറെ ഭാഗമായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്. ഭാഗം - I, കേരള സർവ്വീസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി സ്ഥാനക്കയറ്റം ലഭിച്ച ടി ഉദ്യോഗസ്ഥരുടെ ശമ്പള നിർണ്ണയം ടി ആഫീസ് മേധാവികൾ നടത്തേണ്ടതും, ആയതിൻറെ വിവരം ടിയാളുകളുടെ സേവന പുസ്തകത്തിലും, സ്പാർക്ക് ഡേറ്റാബേസിലും രേഖപ്പെടുത്തേണ്ടതുമാണ്.

Sunil Kumar C V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്

1.ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും, ജീവനക്കാർക്കും (ഡിടിഇ വെബ് സൈറ്റ് മുഖാന്തിരം)
2.സൂപ്രണ്ട്,ജീവനക്കാര്യം (ഗ്രഡേഷൻ),ഡിടിഇ
3.സിസ്റ്റം അനലിസ്റ്റ്,ഡിടിഇ (പ്രസിദ്ധീകരണത്തിന്)
4.ഇ - ഓഫീസ് കരുതൽ സഞ്ചയം

പകർപ്പ്
സി.എ,സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ, ഡിടിഇ

Signed by
Sunil Kumar C V
Date: 29-05-2024 12:33:15